# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 480

07.01.2014 ൽ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളിൽ കോർ ബാങ്കിംഗ്

**ചോദ്യം**

ശ്രീ. കെ. ദാസൻ

(എ) സഹകരണ മേഖലയിലെ ക്രെഡിറ്റ് സ്ഥാപനങ്ങളിൽ, കോർ ബാങ്കിംഗ് സംവിധാനത്തിൽ ഇതിനകം ഉൾപ്പെട്ടിട്ടുള്ളവ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ;

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിലെ ക്രെഡിറ്റ് സ്ഥാപനങ്ങളിൽ, കോർ ബാങ്കിംഗ് സംവിധാനത്തിൽ ഇതിനകം ഉൾപ്പെട്ടിട്ടുള്ളവ എത്ര ശതമാനമാണെന്ന വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | കോർ ബാങ്കിംഗ് സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുള്ളവ ശതമാന കണക്കിൽ |
|---|---|
| തിരുവനന്തപുരം | 1.00 |
| കൊല്ലം | 13.55 |
| പത്തനംതിട്ട | 1.30 |
| ആലപ്പുഴ | 0.70 |
| കോട്ടയം | 5.08 |
| എറണാകുളം | 11.60 |
| ഇടുക്കി | 0.83 |
| തൃശ്ശൂർ | 16.23 |
| പാലക്കാട് | 13.70 |
| മലപ്പുറം | 5.58 |
| കോഴിക്കോട് | 18.66 |
| വയനാട് | 9.09 |
| കണ്ണൂർ | 11.29 |
| കാസറഗോഡ് | 9.71 |
| **ആകെ** | **8.45** (ശരാശരി) |

| | | | |
|---|---|---|---|
| (ബി) | ത്രീടിയർ ക്രെഡിറ്റ് സിസ്റ്റത്തിൽ ഏതെല്ലാം ടിയറിലുള്ള സ്ഥാപനങ്ങളാണ് പൂർണ്ണമായും കോർ ബാങ്കിംഗ് സംവിധാനത്തിലെത്തിയിരിക്കുന്നത്; | (ബി) | ത്രിതല ക്രെഡിറ്റ് സിസ്റ്റത്തിൽ ദ്വിതലത്തിലുള്ള പതിനാല് ജില്ലാ സഹകരണ ബാങ്കുകളും (സെൻട്രൽ), ത്രിതല സംവിധാനത്തിലെ സംസ്ഥാന സഹകരണ ബാങ്കും (അപ്പക്സ്) പൂർണ്ണമായും കോർ ബാങ്കിംഗ് സംവിധാനത്തിലെത്തിയിട്ടുണ്ട്. |
| (സി) | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്ക് സ്വന്തം നിലയിൽ കോർ ബാങ്കിംഗ് സംവിധാനത്തിൽ വരുവാനാവശ്യമായ അനുമതി നൽകിയിട്ടുണ്ടോ; | (സി) | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്ക് അവയുടെ സാമ്പത്തിക സ്ഥിതിയും, പ്രവർത്തന മേഖലയും ഇടപാടുകാരുടെയും അംഗങ്ങളുടെയും ആവശ്യകതയും കണക്കിലെടുത്ത് അനുയോജ്യമായ കോർ ബാങ്കിംഗ് സംവിധാനം ഭരണസമിതിക്ക് തെരഞ്ഞെടുക്കാവുന്നതും ആയത് നടപ്പിലാക്കുന്നതിനുള്ള തുക ചെലവഴിക്കുന്നത് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തിന് വിധേയമായിട്ടാകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല 2013-14 വർഷത്തെ പദ്ധതി വിഹിതത്തിൽ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർവത്കരണം, കോർ-ബാങ്കിംഗ്, എ.ടി.എം സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | എല്ലാ വായ്പാ സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം എന്നത്തേയ്ക്ക് നിലവിൽ വരുമെന്ന് വെളിപ്പെടുത്താമോ? | (ഡി) | സഹകരണ മേഖലയിലെ ആധുനിക വത്കരണത്തിന്റെ ഭാഗമായി, സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി സഹകരണ മേഖലയിൽ കോർ ബാങ്കിംഗ് പൂർണ്ണമായും നടപ്പിലാക്കാനുള്ള സാധ്യതകൾ പരിശോധിച്ച് വരികയാണ്. ടി നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ വായ്പാ സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ